ചന്ദ്രിക




എസ്എൻപുരത്ത് മെഗാ പരിശീലന ക്യാമ്പ്
ഇ.ടി.ടൈസൺ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

# മെഗാ പരിശീലന ക്യാമ്പ്

എസ്.എൻ പുരം: ആതുര ശുശ്രുഷാ രംഗത്ത് തനതായ സ്ഥാനം കൈവരിച്ചു കഴിഞ്ഞ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുടെ, 'ബി ഫസ്റ്റ്, ടു എയ്ഡ് ആൻഡ് സേവ് ലൈവ്സ്' ക്യാമ്പയിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പി.വെമ്പല്ലൂർ എം.ഇ.എസ് അസ്മാബി കോളേജിൽ മെഗാ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.അടിയന്തിര മെഡിക്കൽ സാഹചര്യങ്ങളിൽ അവസരോചിതമായി പ്രവർത്തിക്കുവാനും അതുവഴി നിരവധി ജീവനുകൾ രക്ഷിക്കാനും പൊതു സമുഹത്തെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ്, റോട്ടറി ക്ലബ്, സഹൃദയ വെൽഫയർ അസോസിയേഷൻ,എം.ഇ.എസ് അസ്മാബി കോളേജ് എൻ.എസ്.എസ്. യുനിട്ടുകൾ എന്നിവയുമായി സഹകരിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചത്. അസ്മാബി കോളേജിലെ 200ഓളം വിദ്യാർത്ഥികൾ ആണ് പരിശീലനം നേടിയത്.ആസ്റ്റർ ആശുപത്രികളിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, എൻ.സി.സി കേഡറ്റുകൾ, പൊലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള 18,000ലധികം പേർക്കാണ് ഇതിനോടകം ജീവൻ രക്ഷാ പരിശീലനം നൽകിക്കഴിഞ്ഞു.

എം.ഇ.എസ്.അസ്മാബി കോളേജ് സെക്രട്ടറി അഡ്വ. നവാസ് കാട്ടകത്ത് മുഖ്യാതിഥിയായ ചടങ്ങിൽ ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ അഫയേർസ് ഡയറക്ടർ ഡോ. ടി.ആർ ജോൺ, ഓപ്പറേഷൻസ് വിഭാഗം തലവൻ ജയേഷ് വി നായർ, കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. റീന മുഹമ്മദ്, ആസ്റ്റർ മെഡ്സിറ്റി എമർജൻസി ഡിപ്പാർട്ട്മെന്റ് ലീഡ് കൺസൾട്ടന്റ് ഡോ. ജോൺസൺ കെ വർഗീസ്, കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ ഡയറക്ടർ ഡോ. കെ.പി സുമേധൻ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. പ്രിൻസി ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു.